പത്രക്കുറിപ്പ് 27.11.2019

# രൂപകൽപ്പനയ്ക്കുള്ള മികവിന്റെ കേന്ദ്രം
# അടുത്ത സാമ്പത്തിക വർഷം കൊച്ചിയിൽ

കൊച്ചി: രൂപകൽപ്പനയ്ക്കായുള്ള മികവിന്റെ കേന്ദ്രം(സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസൈൻ) അടുത്ത സാമ്പത്തിക വർഷത്തിൽ കൊച്ചിയിൽ ആരംഭിക്കും. ലോകത്തിലെ പ്രധാനപ്പെട്ട ഡിസൈൻ കമ്പനികളുടെ നേരിട്ടുള്ള സാന്നിദ്ധ്യത്തോടൊപ്പം ഈ രംഗത്തെ പ്രൊഫണലുകൾക്കും സംരംഭങ്ങൾക്കും ഇൻകുബേറ്റ് ചെയ്യാനുള്ള സൗകര്യവും കേന്ദ്രത്തിലുണ്ടാകുമെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലാണ് മികവിന്റെ കേന്ദ്രം തുടങ്ങുന്നത്.

ഡിസംബർ 12, 13, 14 തിയതികളിൽ കൊച്ചിയിൽ നടക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ഡിസൈൻ ഉച്ചകോടിയിലെത്തുന്ന അന്താരാഷ്ട്ര വിദഗ്ധരെ മികവിന്റെ കേന്ദ്രവുമായി സഹകരിപ്പിക്കുമെന്ന് ഡിസൈൻ വീക്കിന്റെ സ്പെഷ്യൽ ഓഫീസറും മുഖ്യമന്ത്രിയുടെ ഫെലോയുമായ അരുൺ ബാലചന്ദ്രൻ പറഞ്ഞു.

സോഫ്റ്റ് വെയർ കമ്പനികൾക്ക് കേരള സ്റ്റാർട്ടപ്പ് മിഷനും ഹാർഡ് വെയർ കമ്പനികൾക്ക് മേക്കർവില്ലേജും പോലെ ഡിസൈൻ കമ്പനികൾക്കുള്ള ഇൻകുബേഷൻ സംവിധാനമടക്കമായിരിക്കും സെന്റർ ഓഫ് എക്സലൻസ് എന്ന് അരുൺ പറഞ്ഞു. ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിൽ 10,000 ചതുരശ്ര അടി സ്ഥലത്താണ് മികവിന്റെ കേന്ദ്രം തുടങ്ങുന്നത്. രൂപകൽപ്പനയുടെ മാതൃക നിർമ്മിക്കുന്നതിനു വേണ്ടിയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളും കേന്ദ്രത്തിലുണ്ടാകും. ലോകത്തിന്റെ ഏതു ഭാഗത്തു നിന്നും പ്രൊഫഷണലുകൾക്ക് കേരളത്തിലെത്തി തങ്ങളുടെ ഉത്പന്നം രൂപകൽപ്പന ചെയ്ത് അതിന്റെ മാതൃക നിർമ്മിച്ച് വിലയിരുത്താനുള്ള വിപുലമായ സംവിധാനമാണ് ഒരുക്കുന്നത്.

കഴിഞ്ഞ കൊല്ലം നടന്ന ഡിസൈൻ വീക്കിലെ പ്രവർത്തനങ്ങളിൽ മതിപ്പ് തോന്നി സിലിക്കൺവാലിയിലെ പ്രമുഖ ഉത്പന്ന രൂപകൽപ്പന കമ്പനിയായ ലൂമിയം ഡിസൈൻ കേരളത്തിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇതേ മാതൃകയിൽ സാമൂഹ്യ മാധ്യമ രംഗത്തെ ആഗോള ഭീമന്മാരുൾപ്പെടെ മികവിന്റെ കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങാൻ താത്പര്യം അറിയിച്ചിട്ടുണ്ട്. ഇവരുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും സർക്കാർ വൃത്തങ്ങൾ അറിയിച്ചു.